"ഭരണഭാഷ മാതൃഭാഷ"

"കസ്റ്റഡി
തിരുത്തൽ
നവീകരണം
പുനരധിവാസം"

www.keralaprisons.gov.in

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം

0471-2342532
keralaprisons@gov.in

തീയതി: 23-10-2026

സർക്കുലർ നം.: 11/2026

കേരളാ പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് (മാനേജ്മെന്റ്) റൂൾസ് 2014 ചട്ടം 12 പ്രകാരം സംസ്ഥാനത്തെ സെൻട്രൽ ജയിലുകളിൽ തിങ്കളാഴ്ച ദിവസങ്ങളിൽ സൂപ്രണ്ടിന്റെ നേതൃത്വത്തിൽ പരേഡ് നിലവിൽ നടന്നു വരുന്നുണ്ട്. എന്നാൽ നിലവിലെ പരേഡുകളിൽ ഉദ്യോഗസ്ഥർക്കായി പ്രത്യേക ഡ്രിൽസുകൾ ഉൾപ്പെടുത്തുന്നില്ല.

ജയിൽ വകുപ്പിലെ എ.പി.ഒ, ഡി.പി.ഒ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്ന ഉദ്യോഗസ്ഥർക്ക് സർവ്വീസിന്റെ തുടക്കത്തിൽ ലഭിക്കുന്ന ഒമ്പത് മാസത്തെ അടിസ്ഥാന പരിശീലനത്തിന് ശേഷം തുടർ ഡ്രിൽ പരിശീലനങ്ങൾ നൽകി വരുന്നില്ല. നിലവിലെ ജയിലിലെ ഡ്യൂട്ടി ക്രമ പ്രകാരം പലവിധ ഡ്രിൽസുകൾ ജയിൽ ഉദ്യോഗസ്ഥർക്ക് കൃത്യമായ ഇടവേളകളിൽ നൽകുവാൻ സാധിക്കാറില്ല. ഉദ്യോഗസ്ഥരുടെ ശാരീരികക്ഷമത നിലനിർത്തുന്നതിനും അച്ചടക്കം കാത്തുസൂക്ഷിക്കുന്നതിനും ഇത്തരം പരേഡ് ഡ്രിൽസുകൾ നൽകുന്നത് അത്യന്താപേക്ഷിതമാണ്. യൂണിഫോം സേനാംഗങ്ങൾ കൃത്യമായ രീതിയിൽ ഡ്രിൽസുകൾ നിർവ്വഹിക്കുന്നത് ജയിൽ അന്തേവാസികളിൽ കൃത്യമായ അച്ചടക്കബോധവും നിയമവ്യവസ്ഥയോടുള്ള ബഹുമാനവും ഉണ്ടാക്കാൻ സഹായിക്കും. ആയതിനാൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

- <u>സെൻട്രൽ ജയിൽ/ ഓപ്പൺ ജയിൽ ക്രമീകരണം:</u> സെൻട്രൽ ജയിലുകളിൽ നിലവിൽ നടക്കുന്ന 'മൺഡേ പരേഡി'നൊപ്പം ഉദ്യോഗസ്ഥരുടെ ചിട്ടയായ ഡ്രിൽ പരിശീലനം കൂടി സൂപ്രണ്ടിന്റെ നേതൃത്വത്തിൽ നിർബന്ധമായി ഉൾപ്പെടുത്തേണ്ടതാണ്. തുറന്ന ജയിലുകളിലും ഡ്രിൽ പരിശീലനം നടപ്പിലാക്കേണ്ടതാണ്.
- <u>മറ്റ് ജയിലുകളിലേക്കുള്ള നിർദ്ദേശം:</u> സെൻട്രൽ ജയിലുകൾ ഒഴികെയുള്ള മറ്റ്

ജയിലുകളിൽ (ജില്ലാ ജയിൽ, സ്പെഷ്യൽ സബ് ജയിൽ, സബ് ജയിൽ, വനിതാ ജയിലുകൾ) ആഴ്ചയിലൊരിക്കൽ പ്രഭാതത്തിൽ സൂപ്രണ്ടിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ ഡ്രിൽ ഉൾപ്പെടെയുള്ള പരേഡ് സംഘടിപ്പിക്കുക.

- പങ്കാളിത്തം: ഡ്യൂട്ടി ക്രമീകരണങ്ങൾക്ക് വിധേയമായി പരമാവധി ഉദ്യോഗസ്ഥരെ ഇതിൽ പങ്കെടുപ്പിക്കുകയും അച്ചടക്കം ഉറപ്പുവരുത്തുകയും ചെയ്യുക.
- മേഖല ഡി.ഐ.ജി-മാർ അവരവരുടെ മേഖലയിലെ ജയിലുകൾ സന്ദർശിച്ച ഡ്രില്ലുകൾ വിലയിരുത്തേണ്ടതാണ്. വർഷത്തിലൊരിക്കൽ ഇത്തരത്തിൽ എല്ലാ ജയിലുകളും സന്ദർശിച്ച വിലയിരുത്തൽ നടത്തേണ്ടതാണ്.

S Sreejith IPS
DIRECTOR GENERAL

സ്വീകർത്താവ്: 1) ഡെപ്യൂട്ടി ഇൻസ്പക്ടർ ജനറൽ ഓഫ് പ്രിസൺസ് (ജയിലാസ്ഥാന കാര്യാലയം, ദക്ഷിണ മേഖല, മദ്ധ്യ മേഖല, ഉത്തര മേഖല)
2) എല്ലാ ജയിൽ സ്ഥാപന മേധാവികൾക്കും

പകർപ്പ്: ടെക്നിക്കൽ സെൽ

Digitally signed by
Dinesh Bhagavathi Pillai
Date: 24-10-2026
09:58:55